# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുതല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ് .എ.പി.കെ.ഡി 13-570/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുതല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുതല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ് .എ.പി.കെ.ഡി 13-570/23 തീയ്യതി: 18/04/2023

## പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-07-2021 മുതൽ 15-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-03-2023 | 24-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-03-2023 | 24-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രാമകൃഷ്ണൻ.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. നസീറാബാനു.എ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രാജിഷ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എ.ആനന്ദവല്ലി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗീത വി.എ | സെക്രട്ടറി | 01-04-2021 | 26-07-2021 |
| ശ്രീ.ആനന്ദ് കിഷോർ | സെക്രട്ടറി | 27-07-2021 | 23-09-2021 |
| ശ്രീ.സുരേഷ് കുമാർ.സി.പി | സെക്രട്ടറി | 24-09-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി റിഷ് ല പുളിക്കൽ | കൃഷി ഓഫീസർ (ഇൻ ചാർജ്ജ്) | 01-04-2021 | 27-10-2021 |
| ശ്രീ.വസീം ഫജിൽ.സി | കൃഷി ഓഫീസർ | 28-10-2021 | 31-03-2022 |
| ഡോ.വൈഖരി .കെ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ.രഞ്ജിത്ത് .ആർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീ.പ്രശാന്ത് എൻ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മഞ്ജുഷ പി.കെ | മെഡിക്കൽ ഓഫീസആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി സാജിത.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി.ഉഷ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീമതി.പ്രീത.കെ. | ഹെഡ് മിസ്ട്രസ്,ജി.എൽ.പി.സ്കൂൾ | 01-04-2021 | 27-08-2021 |
| ശ്രീ.പ്രദീപ് .സി.എസ് | ഹെഡ് മാസ്റ്റർ ജി.എൽ.പി.സ്കൂൾ | 28-08-2021 | 31-03-2022 |
| ശ്രീ.സന്തോഷ്.കെ.വി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.റീന വി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഡോണ വർഗ്ഗീസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 13-04-2021 |
| ശ്രീ.രാജേഷ് കുമാർ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 14-04-2021 | 16-08-2021 |

| | | | |
|---|---|---|---|
| ശ്രീമതി ബീന.ഐ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 17-08-2021 | 31-03-2022 |
| ശ്രീ.സുരേഷ് കുമാർ.സി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 06-05-2021 |
| ശ്രീമതി ധന്യ വിശ്വം വി | അസിസ്റ്റന്റ് സെക്രട്ടറി | 07-05-2021 | 18-07-2021 |
| ശ്രീ.സുനിൽ.എച്ച്.കെ | അസിസ്റ്റന്റ് സെക്രട്ടറി | 19-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-11 |
| 13 | കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം | 1-11(1) |
| 14 | (ആപൽക്കരവും അസഹ്യ വുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) മെഷിനറി റണ്ണിംങ്ങ് ഫീ ഈടാക്കിയതിൽ കുറവ് | 1-11(2) |
| 15 | തൊഴിൽ നികുതി -അപാകതകൾ | 1-12 |
| 16 | താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-12(1) |
| 17 | സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12(2) |
| 18 | തൊഴിൽ നികുതി കൂടുതൽ ഈടാക്കി | 1-12(3) |
| 19 | തെരുവ് വിളക്ക് റിപ്പയർ- മാർഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-13 |
| 20 | എസ്.സി. ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ -കണക്ഷൻ ലഭിച്ചത് ഉറപ്പുവരുത്താതെ സബ്സിഡി അനുവദിച്ചു | 1-14 |
| 21 | തെരുവു വിളക്കുകൾ -മീറ്ററിംഗ് നടപ്പിലാക്കിയിട്ടില്ല | 1-15 |
| 22 | സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ പെൻഷൻ തടഞ്ഞുവെച്ചിട്ടുണ്ട് | 1-16 |
| 23 | വസ്തു നികുതി -ഈടാക്കുന്നതിലെ അപാകതകൾ | 1-17 |
| 24 | വിമുക്ത ഭടന്മാരുടെ 200 M2 മുകളിലുള്ള വീടുകൾക്ക് വസ്തു നികുതി ഒഴിവാക്കി | 1-17(1) |
| 25 | വിമുക്തഭടന്മാരുടെ വസ്തു നികുതി ഇളവിന് അപേക്ഷിക്കാത്തവർക്കും നികുതി | 1-17(2) |

| | | |
|---|---|---|
| | ഇളവ്യ നൽകി | |
| 26 | സത്യവാങ്മൂലം സമർപ്പിക്കാത്ത 60 M2 താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു | 1-17(3) |
| 27 | ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി | 1-17(4) |
| 28 | പൊതുടാപ്പുകളുടെ വെള്ളക്കരം- കുടിശ്ശിക മുഴുവനും അടവാക്കിയത് സ്വാഗതാർഹമാണ് | 1-18 |
| 29 | THRS- വാങ്ങൽ ബില്ലുകളിൽ ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ് | 1-19 |
| 30 | പി.എച്ച്.സി ,മെഡിക്കൽ ഓഫീസർ നിർവഹണം മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-20 |
| 31 | പാലിന് സബ്സിഡി പ്രൊജക്റ്റ് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു | 1-21 |
| 32 | മരാമത്ത് പ്രവൃത്തികൾ - പിഴ ഈടാക്കിയതിലെ അപാകതകൾ | 1-22 |
| 33 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല | 1-23 |
| 34 | മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-24 |
| 35 | പഞ്ചായത്ത് ഓഫീസ് നവീകരണം- അധിക തുക നൽകി | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല | 3-1 |
| 2 | പഞ്ചായത്ത് ഓഫീസ് നവീകരണം- അധിക തുക നൽകി | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വരവ്- ചെലവ് പത്രിക സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

22.02.2021 തിയതിയിലെ തീരുമാനം 1(1) പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ബജറ്റ് പ്രകാരം വരവ്-ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ് – ചെലവ് |
|---|---|---|---|
| 1 | മുന്നിരിപ്പ് | 2325551 | 10730531 |
| 2 | വരവ് | 202700986 | 70175024 |
| 3 | ആകെ | 205026537 | 80905555 |
| 4 | ചെലവ് | 203891636 | 66945820 |
| 5 | നീക്കിയിരുപ്പ് | 1134901 | 13959735 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും, ബജറ്റ് പ്രകാരം ഉള്ള കണക്കുകളും തമ്മിൽ വലിയ അന്തരം കാണുന്നു. കൂടുതൽ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. 17.03.2022 ലെ 1(1) നം. തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 08.06-2022 |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ ചുവടെചേർക്കുന്നു

1) MNREGS മുന്നിരിപ്പ് പൊരുത്തപ്പെടുന്നില്ല

2020-21 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പും തൻവർഷത്തെ മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | മുൻവർഷത്തെ നീക്കിയിരുപ്പ് (B-4) | 11683 രൂപ |
|---|---|---|
| 1 | തൻവർഷത്തെ മുന്നിരിപ്പ് (RP 40 A) | 12683 രൂപ |
| 2 | വ്യത്യാസം | 1000 രൂപ |

2) ലൈഫ് ഭവന പദ്ധതി- വികസനഫണ്ട് സ്രോതസിൽനിന്നും നിന്നും കുറവ് ചെയ്ത തുക – നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല

ലൈഫ് ഭവന പദ്ധതിക്കായി എടുത്ത ഹഡ്കോ വായ്പയുടെ മുതൽ തിരിച്ചടവിലേക്ക് തൻവർഷത്തിൽ വികസനഫണ്ടിന്റെ (ജനറൽ/എസ്.സി.പി) സ്രോതസിൽനിന്നും കുറവ് ചെയ്ത തുകകളുടെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കുറവ് ചെയ്ത തുക |
|---|---|---|
| 1 | 285/22 ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -ജനറൽ | 321200 രൂപ |
| 2 | 282/22 ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -ജനറൽ | 337333 |
| 3 | 312/22 ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -ജനറൽ | 362138 |

| | | |
|---|---|---|
| 4 | 279/22 ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -ജനറൽ | 29333 |
| 5 | 281/22 ലൈഫ് മിഷൻ വായ്പ തിരിച്ചടവ്- എസ്.സി.പി | 293333 |
| 6 | 313/22ലൈഫ് മിഷൻ വായ്പ തിരിച്ചടവ്- എസ്.സി.പി | 173196 |
| 7 | 283/22 ലൈഫ് മിഷൻ വായ്പ തിരിച്ചടവ്- എസ്.സി.പി | 154000 |
| | ആകെ | 1670533 |

വായ്പയുടെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് (B5- 2020-21) | തൻവർഷം സ്രോതസിൽനിന്നും കുറവ് ചെയ്ത തുക | ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടവ് | നീക്കിയിരിപ്പ് (B5- 2021-22) | വ്യത്യാസം |
|---|---|---|---|---|
| 7135568 | 1670533 | 1349333 | 5786235 | 321200 |

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം ലഭ്യമാക്കേണ്ട താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62ഇ, ചട്ടം 62എഫ്- അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ , അടിസ്ഥാന അനുപാതങ്ങൾ തുടങ്ങിയവ.

ബി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

സി) ചട്ടം 62(4)- പ്രകാരം അക്കൗണ്ട്സ് പ്രകാരമുള്ള എല്ലാ തുകകളും അടുത്ത പൂർണ്ണസംഖ്യയിലേക്ക് ക്രമീകരിച്ചിട്ടില്ല.

4.ജീവനക്കാരുടെ തൊഴിൽ നികുതി , വ്യാപാര വ്യവസായ ലൈസൻസ് എന്നീ ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ , വാർഷിക ധനകാര്യപത്രികയിലെ DCB യുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1)തൊഴിൽ നികുതി

| ഇനം | ഡിമാന്റ് രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| ഡിമാന്റ് | 827070/- | 827070/-( I&E-1) |
| കളക്ഷൻ | 827070/- | 796820/(RP-1) |
| ബാലൻസ് | 0 | 0 |

2) (ആപൽക്കരവും അസഹ്യ വുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) വ്യാപാര ലൈസൻസ്

| | ഡിമാന്റ് രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| ഡിമാന്റ് | 92020/- | 92020/-( I&E-4) |
| കളക്ഷൻ അഡ്വാൻസ് | 23300/- | 74760 (RP-36) |
| കറന്റ് | 68720/- | 72720 (RP-43) |
| ആകെ | 92020 | 147480 |
| ബാലൻസ് | 0 | 0 |

രജിസ്റ്ററുകളും വാർഷിക വരവ് ചെലവ് പത്രികയും പൊരുത്തപ്പെടുത്തേണ്ടതും അപാകതകളില്ലാതെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10730531 |
| വരവ് | 70175024 |
| ആകെ | 80905555 |
| ചെലവ് | 66945820 |
| നീക്കിയിരിപ്പ് | 13959735 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 12140996 | 12140996 | 11263596 | 877400 |
| വികസന ഫണ്ട് എസ്.സി.പി | 0 | 11999824 | 11999824 | 11013782 | 986042 |
| മെയിന്റനൻസ്ഗ്രാന്റ് റോഡ് | 0 | 10666631 | 10666631 | 8,616,693. | 2049938 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 5202519 | 5202519 | 3,610,360.00 | 1592159 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Treasury) | 0 | 1511148 | 1511148 | 125635 | 1385513 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Bank) | 0 | 3619000 | 3619000 | 1142764 | 2476236 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied Bank) | 0 | 2413000 | 2413000 | 1162213 | 1250787 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(un Tied Treasury) | 0 | 913431 | 913431 | 201809 | 711622 |
| ICDS | 1,366,703.00 | 786813 | 2153516 | 1218285 | 935231 |
| TSC | 3,720735 | 150000 | 3870735 | 1092037 | 2778698 |
| LIFE | 0 | 2000000 | 2000000 | 2000000 | 0 |
| ആർദ്രം പുരസ്കാരം | 0 | 500000 | 500000 | 0 | 500000 |
| MNREGS | 11683 | 25259733 | 25271416 | 25271414 | 2 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക 963600 രൂപ, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് 1050004 രൂപ എന്നിവയ്ക്കുള്ള ചെലവ് വികസന ഫണ്ടിന്റെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത ആകെ തുകയായ 2013604 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് വികസന ഫണ്ടിന്റെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുകയായ 620529 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 229 | 124029035 | 174 | 54159436 | 0 | 55 | 76 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 1476000 | 0 | 0 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 2 | 1108099 | 845000 | 76 |
| കൃഷി ഓഫീസർ | 9 | 8 | 3519640 | 2521571 | 72 |
| സെക്രട്ടറി | 34 | 28 | 15550691 | 11535338 | 74 |
| വെറ്ററിനറി സർജ്ജൻ | 8 | 7 | 3836600 | 2669213 | 70 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20 | 16 | 62202120 | 12550110 | 20 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 394142 | 331085 | 84 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9 | 7482100 | 5668386 | 76 |
| മെഡിക്കൽ ഓഫീസർ- PHC | 15 | 15 | 2769429 | 2402567 | 87 |
| ഹെഡ്മാസ്റ്റർ | 3 | 3 | 793220 | 761362 | 96 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 117 | 80 | 21183000 | 12869613 | 61 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 4 | 3713994 | 2005191 | 54 |
| ആകെ | 229 | 174 | 124029035 | 54159436 | 44 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11683 | 503686 | 515369 | 515367 | 2 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 24756047 | 24756047 | 24756047 | 0 |
| ആകെ | 11683 | 25259733 | 25271416 | 25271414 | 2 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 3713200 | 227 |
| 2 | വാർദ്ധക്യകാല പെൻഷൻ | 31155400 | 2051 |
| 3 | വികലാംഗ പെൻഷൻ | 5326100 | 350 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2092800 | 136 |
| 5 | വിധവാ പെൻഷൻ | 17771800 | 1128 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-3-2023 ന് സ്ഥാപനത്തിലെ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 13008/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് , മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

01.04.2017 മുതൽ 31.01.2023 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് 07.02.2023മുതൽ 28.01.2023വരെ നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല. 01.09.2022 മുതൽ 31.10.2022 വരെയുള്ള കാലയളവിലെ പെർഫോമൻസ് ഓഡിറ്റ് 23.11.2022മുതൽ 24.11.2022വരെ നടത്തിയിട്ടുണ്ട്.ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ ഒന്നുമില്ല.

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232, 232(1), 233 അനുസരിച്ച് ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല എന്നതാണ് . 2021-2022 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റ് കണ്ടെത്തിയ നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

## 1-11(1) കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം

1996 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും ) ചട്ടങ്ങളിലെ ചട്ടം 38, സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം.66771/ഡിബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം.25533/ഡി ബി 2/12/തസ്വഭവ തീ.06/04/2012 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ കോഴി മുതലായ പക്ഷികളുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച സ്ഥലത്ത് ആയിരിക്കേണ്ടതും , ഇറച്ചിക്കട ചില്ലു വച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായുസഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസിയുടെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്ക വിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ 2 ചിക്കൻ ഫാമുകൾ മാത്രമാണ് ലൈസൻസിന്റെ പരിധിയിൽ വന്നിരിക്കുന്നത്. മറ്റു ഇറച്ചിക്കടകൾ, കശാപ്പുശാലകൾ എന്നിവ ലൈസൻസ് എടുത്തതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ ഇറച്ചിക്കടകൾ, കശാപ്പുശാലകൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനായി നടപടികൾ

സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുന്നതിനു നൽകിയ എൻക്വയറിക്ക്(6/20.03.23) മറുപടിയായി നിലവിൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കശാപ്പുശാലകൾ/ഇറച്ചികടകൾ ഉണ്ടോ എന്ന് പരിശോധിച്ച് ലൈസൻസ് എടുപ്പിക്കാനുള്ള നടപടി സ്വീകരിക്കാമെന്നാണ് അറിയിച്ചത്.

1-11(2) (ആപൽക്കരവും അസഹ്യ വുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) മെഷിനറി റണ്ണിംങ്ങ് ഫീ ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 17, ചട്ടം 18,19,20 എന്നിവ പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് ഈടാക്കാവുന്ന ഫീസ് ഈ നിയമങ്ങളുമായി ചേർത്തിട്ടുള്ള പട്ടിക-IIIൽ നൽകിയിട്ടുണ്ട്. ചില സ്ഥാപനങ്ങളിൽ നിന്ന് യന്ത്രത്തിന്റെ കുതിര ശക്തിക്കനുസൃതമല്ലാതെ ഫീ വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ലൈസൻസ് നം. | സ്ഥാപനം | ഉപയോഗിക്കുന്ന കുതിര ശക്തി | ഈടാക്കേണ്ടത് | ഈടാക്കിയത് |
|---|---|---|---|---|
| 7 | ഹംസ പി.പി , മുതുതല സോ മിൽ | 40HP | 500 | 200 |
| 12 | സെയ്ത് ഹാജ് അൽഅമീൻ സോമിൽ | 38HP | 400 | 250 |
| 107 | സക്കീർ ഹുസൈൻ, ക്രഷർ യൂണിറ്റ് സാബിറ ഗ്രാനൈറ്റ് | 122.5HP | 2000 | 150 |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഏകീകൃതമായ രീതിയിൽ ലൈസൻസ് ഫീ വാങ്ങിയിട്ടില്ല.

മേൽ സൂചിപ്പിച്ച വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (6/20.03.23 , 21/23.03.23 )മറുപടി ലഭ്യമാക്കിയതിൽ മുൻ വർഷങ്ങളിലെ ഫീ തുടർന്ന് വാങ്ങുകയാണ് ചെയ്തത്. നിയമാനുസൃതമായ ലൈസൻസ് ഫീ വാങ്ങുന്നതിന് നടപടി സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും ഏകീകൃതമായ രീതിയിലും നിയമാനുസൃതമായ രീതിയിലും ലൈസൻസ് ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി -അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. മുതുതല പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുന്നിനായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1-12(1) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് കാലയളവിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.വിശദ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കേണ്ട അർദ്ധവർഷം | ഗ്രാമപഞ്ചായത്തിൽ നിന്നു ലഭ്യമായ മറുപടി |
|---|---|---|
| ന്യൂക്ളിയസ് കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് കേളേജ് | ഒന്നാം അർദ്ധവർഷം | കോവിഡ് വ്യാപനം മൂലം അടച്ചിട്ടതിനാൽ എന്ന് മറുപടി നൽകിയിട്ടുണ്ട്. |
| ആലിക്കൽ സിനിമാസ് , പെരുമുടിയൂർ | ഒന്നാം അർദ്ധവർഷം | കോവിഡ് വ്യാപനം മൂലം അടച്ചിട്ടതിനാൽ എന്ന് മറുപടി നൽകിയിട്ടുണ്ട് |
| റെയിൽവേ ഗേറ്റ് ജീവനക്കാർ<br>കൊടുമുണ്ട ഗേറ്റ്<br>പെരിമുടിയൂർ ഗേറ്റ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | പട്ടാമ്പി നഗരസഭയിൽ അടവാക്കുന്നു എന്ന് മറുപടി നൽകിയിട്ടുണ്ട് |
| ഗ്രാമ പഞ്ചായത്ത് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ-<br>മുഹമദ് റഫീക്ക്,തെക്കുകര<br>ഷാഹിദ് ,പി,എ<br>മുനീർ .പി<br>മുഹമദ് റനീഷ്.ഇ<br>മുഹമദ് അലി<br>രമേഷ് ബാബു<br>മണികണ്ഠൻ.എം<br>മുഹമദ് മുസ്തഫ<br>നിയാസ്.ജി<br>എ.എം..ഇസാജ്<br>അബ്ദുൾ റഹ്മാൻ<br>അഷറഫ് അലി.പി<br>അബ്ദുൾ റസാക്ക് .എം.വി<br>വിനോദ്.എം<br>ഉണ്ണികൃഷ്ണൻ<br>റഷീദ്.പി<br>ഗിരീഷ്.സി<br>ഹാജാഹുസൈൻ.കെ<br>നൗഷാദ്.പി<br>മൻസൂർ.പി.എം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള കരാറുകാരിൽ നിന്ന് ഈടാക്കാൻ നടപടികൾ സ്വീകരിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട് |
| ബി.എസ്.എൻ.എൽ ജീവനക്കാർ<br>2021-22 വർഷം ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | സ്ഥാപനത്തിൽ ജീവനക്കാർ ഇല്ലെന്ന് അറിയിച്ചിട്ടുണ്ട് |

മേൽ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12(2) സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനങ്ങൾ | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|

| | |
|---|---|
| സാബിറ ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് | രണ്ടാം അർദ്ധ വർഷം |
| ബി.എസ്.എൽ.എൽ | ഒന്നും രണ്ടും അർദ്ധ വർഷം<br>ജീവനക്കാരില്ലഎന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് |
| ശാന്തി ട്രാൻസ്പോർട്ട് | ഒന്നും രണ്ടും അർദ്ധ വർഷം |
| വട്ടപ്പാറ ക്ഷീരോത്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധ വർഷം |
| കാരുണ്യ മെഡിക്കൽ സ്റ്റോർ<br>നീതി സ്റ്റോറുകൾ | ഒന്നും രണ്ടും അർദ്ധ വർഷം |
| കൊട്ടമുണ്ട ക്ഷീര സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധ വർഷം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (7/20.03.23)മറുപടിയായി മുകളിൽ സൂചിപ്പിച്ചവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാമെന്നറിയിച്ചിട്ടുണ്ട്.

## 1-12(3) തൊഴിൽ നികുതി കൂട്ടുതൽ ഈടാക്കി

തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി കൂടുതലായി ഈടാക്കിയിരിക്കുന്നു.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | ആകെ അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി |
|---|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത്<br>പാർട്ട്ടൈം പൗണ്ട്കീപ്പർ<br>കെ.ഡി.ഷൺമുഖൻ (1st Half) | 123286 | 1000 | 1250 |
| 2 | ഗ്രാമ പഞ്ചായത്ത്<br>പാർട്ട്ടൈം പൗണ്ട്കീപ്പർ<br>കെ.ഡി.ഷൺമുഖൻ (2nd Half) | 119286 | 1000 | 1250 |
| 3 | വേണുഗോപാലൻ , ഡ്രൈവർ | 122640 | 1000 | 1250 |

1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടം 3 അനുസരിച്ച് കമ്പനികളെയും വ്യക്തികളെയും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി അർദ്ധവാർഷിക തൊഴിൽ നികുതി പട്ടികപ്പെടുത്തിയിട്ടുണ്ട്. അതിനനുസൃതമായ രീതിയിൽ തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തെരുവ് വിളക്ക് റിപ്പയർ- മാർഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവ് വിളക്ക് റിപ്പയറിന് 2021-22 ലെ ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|---|
| 1 | 22/22<br>തെരുവ് വിളക്ക് റിപ്പയർ | 300000<br>ധനകാര്യ കമ്മീഷൻ അവാർഡ് | 169624<br>ധനകാര്യ കമ്മീഷൻ അവാർഡ് | 22101091/31.03.2022<br>Rs 126724<br>22101092/31.03.2022<br>Rs 42000 |

| | |
|---|---|
| | 22101093/31.03.2022<br>Rs 900 |

തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് നടത്തുന്നതിനായി 3-12-2021 ൽ സാധനങ്ങൾ സപ്ലൈചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഗുഡ് വിൽ ഇലക്ട്രിക്കൽസ് പട്ടാമ്പി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയും റിപ്പയറിംഗ് പ്രവൃത്തി ലേബർ ചാർജ്ജ് നൽകി നിർവ്വഹിക്കുന്നതിനും തീരുമാനിച്ചു. (21.12.2012 ലെ 1(1) നം.തീരുമാനം)

തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിയുമായി ബന്ധപ്പെട്ട് പാലിക്കേണ്ടത്.

1. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകളുടെ ആവശ്യകത വിലയിരുത്തി GeM പോർട്ടൽ മുഖേന സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.
2. തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിയുമായി ബന്ധപ്പെട്ട പരാതികൾ രേഖപ്പെടുത്തുവാൻ പഞ്ചായത്ത് ഓഫീസിൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. സ്ട്രീറ്റ് ലൈറ്റ് റിപ്പയർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് റിപ്പയറിന് സാധനസാമഗ്രികൾ വാങ്ങിയത് പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.
4. കരാറുകാരൻ സാധനങ്ങൾ തിരികെ ഏൽപ്പിച്ചത് സ്ട്രീറ്റ് ലൈറ്റ് റിപ്പയർ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റം സൂക്ഷിക്കുന്നില്ല. കേടു വന്ന സാധന സാമഗ്രികൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുമ്പോൾ ആയത് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും സ്റ്റോക്ക്-ഇൻ, സ്റ്റോക്ക് ഔട്ട് കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതുമാണ്. സ.ഉ(സാധാ)നം. 2238/2016/ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ Performance Guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. മേൽ നടപടികൾ പാലിച്ചിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 2/20.03.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് വരും വർഷങ്ങളിൽ മേൽ അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വികരിക്കുന്നതാണെന്ന് അറിയിച്ചു.

ഓഡിറ്റ് നിർദേശങ്ങൾ

1. സർക്കാർ ഉത്തരവുകളിലെ കാലാകാലങ്ങളിലെ വരുന്ന മാറ്റങ്ങൾക്ക് വിധേയമായി സ്റ്റോക്ക് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റം എന്നീ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ എണ്ണം കൃത്യമായി കണക്കാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ബന്ധപ്പെട്ട പരാതി രജിസ്റ്ററിൽ പൊതുജനങ്ങൾ രേഖപ്പെടുത്തുന്ന പരാതികളുടെ അടിസ്ഥാനത്തിലും, പഞ്ചായത്ത് മെമ്പർമാരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും അറ്റകുറ്റപണികൾ നടത്തേണ്ടതാണ്.

4. വാർഷിക അറ്റകുറ്റപണിയുടെ ചെലവ് തെരുവ് വിളക്ക് ആസ്തി രജിസ്റ്ററിലെ കണക്ക്, പരാതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നിവക്ക് അനുസൃതമാകേണ്ടതാണ്.

## 1-14 എസ്.സി. ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ -കണക്ഷൻ ലഭിച്ചത് ഉറപ്പുവരുത്താതെ സബ്സിഡി അനുവദിച്ചു

പ്രോജക്ട് നമ്പർ - 189/22 (സ്പിൽ ഓവർ)

കുടിവെള്ള കണക്ഷൻ സബ്സിഡി

അടങ്കൽ - 360000

ചെലവ്- 30000

ബിൽ നമ്പർ - 5/16.08.2021- 22500

7/19.09.2021 – 7500

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമ സഭ മുഖേന തിരഞ്ഞെടുക്കപ്പെട്ട എസ്.സി ഗുണഭോക്താക്കൾക്ക് കുടിവെള്ള ഗാർഹിക കണക്ഷൻ എടുത്തത് സംബന്ധിച്ച് കത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് മേൽ പദ്ധതി ആവിഷ്കരിച്ചത്. സ്പിൽഓവർ പദ്ധതിയായി നടപ്പിലാക്കിയതിൽ 2021-22 ൽ 4 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്.

സബ്സിഡി അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഹൌസ് നമ്പർ/ സർവ്വേ നമ്പർ | വാട്ടർ അതോറിറ്റിക്ക് നൽകിയ അപേക്ഷ നമ്പർ & തീയതി | നൽകിയ സബ്സിഡി |
|---|---|---|---|---|
| 1 | കമലം | 09/238,MLA | QA10364/17.03.2021 | 7500 |
| 2 | നിഷാ.ഇ | 14/80, MLA | QA10594/22.07.2021 | 7500 |
| 3 | ബാലൻ | 14/259, MLA | QA 10593/22.07.2021 | 7500 |
| 4 | ലക്ഷ്മി | 10/231,MLA | QA10056/15.12.2020 | 7500 |
| | | | ആകെ | 30000 |

വാട്ടർ അതോറിറ്റിക്ക് നൽകിയ അപേക്ഷയുടെ പകർപ്പ് ഹാജരാക്കിയിട്ടുണ്ടെങ്കിലും, അതിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനാവശ്യമായ രേഖകളില്ല. എസ്.സി ഗുണഭോക്താക്കൾ E- Tapp വെബ്സൈറ്റിൽ ഓൺലൈനായി ഫീസ് അടവാക്കിയതിന്റെ അടിസ്ഥാനത്തിലെ കേരള വാട്ടർ അതോറിറ്റി വാട്ടർ കണക്ഷൻ നൽകുകയുള്ളൂ. പ്രസ്തുത രശീതി പഞ്ചായത്തിലെ സബ്സിഡിക്കായി അപേക്ഷിക്കുമ്പോൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടില്ല. ടി രശീതിയുടെ അഭാവത്തിൽ ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ ലഭ്യമായി എന്ന് ഉറപ്പു വരുത്താതെയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്.

E-Tapp രശീതികൾ മേൽ ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റി പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 10/21.03.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ നേരിട്ട് സ്ഥലപരിശോധന നടത്തി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുള്ളത് എന്ന് അറിയിച്ചു. എന്നാൽ സ്ഥലപരിശോധന നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമല്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. E- Tapp വെബ്സൈറ്റിൽ ഓൺലൈനായി ഫീസ് അടവാക്കിയതിന്റെ രശീതി മേൽ ഗുണഭോക്താക്കളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ 30000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു
2. എസ്.സി.ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ ലഭ്യമായി എന്ന് ഉറപ്പു വരുത്താനാവശ്യമായ രേഖകൾ സബ്സിഡി അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന് നിബന്ധനയോടുകൂടി വരും വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 തെരുവു വിളക്കുകൾ -മീറ്ററിംഗ് നടപ്പിലാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നം. 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജിനത്തിലും തെരുവുവിളക്കു സ്ഥാപിക്കൽ പ്രവൃത്തികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുക കുറവു ചെയ്യുന്നതിനായി

സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) 2021-22 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 748908/-രൂപ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | വൈദ്യുതി ചാർജജ് |
|---|---|---|
| 1 | തെരുവ് വിളക്ക് | 503472 |
| 2 | മിനിമാസ്റ്റ് ലൈറ്റുകൾ & മറ്റുള്ളവ | 245436 |
| | ആകെ | 748908 |

കെ.എസ്.ഇ.ബി മുതുതല, പട്ടാമ്പി എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലായി ആകെ 748908 രൂപ അടവാക്കിയിട്ടുണ്ട്.

തെരുവ് വിളക്കുകളുടെ മീറ്ററിങ് പൂർത്തീകരിച്ചിട്ടില്ല. സംയുക്ത പരിശോധനാ നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. തെരുവ് വിളക്കുകളുടെ എണ്ണം, വൈദ്യുതി ചാർജ്ജിനത്തിൽ അടവാക്കി വരുന്ന മേൽ തുകയുടെ കൃത്യത എന്നിവ ഉറപ്പാക്കാൻ കഴിഞ്ഞില്ല.

09/20.03.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബിയുമായി 25.06.2020 ന് സംയുക്ത പരിശോധന നടത്തി ആകെ പ്രവർത്തിക്കുന്ന 795 എണ്ണം തെരുവുവിളക്കുകളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും, 2021-22 ൽ പുതുതായി തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ നിലവിൽ എണ്ണത്തിൽ മാറ്റമില്ലെന്നും, 795 എണ്ണം തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജാണ് ഒടുക്കുന്നതെന്നും അറിയിച്ചു.

തെരുവ് വിളക്ക് മീറ്ററിംഗ് നടപ്പിലാക്കാൻ ആവശ്യമായ തുക വകയിരുത്താനില്ലാത്തതിനാൽ പ്രസ്തുത പദ്ധതി വരും വർഷങ്ങളിൽ ഘട്ടം ഘട്ടമായി ആവിഷ്കരിക്കുന്നതാണെന്നുമറിയിച്ചു.

ഓഡിറ്റ് നിർദേശം

മേൽ അപാകതകൾ പരിഹരിക്കേണ്ടതും എല്ലാ വാർഡുകളിലെയും തെരുവുവിളക്കുകൾ ഘട്ടം ഘട്ടമായി മീറ്ററിനു കീഴിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-16 സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ പെൻഷൻ തടഞ്ഞുവെച്ചിട്ടുണ്ട്

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിന്റെയും സേവന പെൻഷൻ ഡാറ്റാബേസിന്റെയും കൃത്യത പരിശോധിക്കുന്നതിനായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ നവംബർ 2022 ലെ ബിൽ ഡിസ്ക്രിപ്പൻസിലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും 2021ലെ മരണ രജിസ്റ്ററുകളും അനുബന്ധഫയലുകളും പരിശോധനാവിധേയമാക്കി. ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റിൽ വിവിധ കാരണങ്ങളാൽ പെൻഷൻ സ്വീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിച്ച് സമയബന്ധിതമായി ഡാറ്റാ ബേസിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

സേവന സോഫ്റ്റ്‌വെയറിൽ നിന്നും ഡിസംബർ 2022 ലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ആണ് അവസാനം ജനറേറ്റ് ചെയ്തിട്ടുള്ളത്. ഇതിൽ താഴെ പറയും വിധം 40പെൻഷൻ ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ പെൻഷൻ തടഞ്ഞുവെക്കപ്പെട്ടതായി കണ്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പെൻഷൻ തടഞ്ഞു വെക്കാനുള്ള കാരണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| മസ്റ്ററിംഗ് നടത്തിയിട്ടില്ല / ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല | 27 |
| വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതൽ ആണ്. | 3 |

| | |
|---|---|
| പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല | 9 |
| സർക്കാർ ഉത്തരവ് പ്രകാരം 06.02.2017 ന ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല. | 1 |
| ഒന്നിലധികം പ്രാദേശിക സർക്കാരുകളിൽ നിന്നും പെൻഷൻ കൈപറ്റുന്ന | 0 |
| ആകെ | 40 |

മേൽ ലിസ്റ്റിൽ നിന്നും ഏതാനും ഗുണഭോക്താക്കളുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ സേവനയിൽ നിന്നും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

എ. മസ്റ്ററിംഗ് നടത്തിയിട്ടില്ല /ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള ചില ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള കാലഘട്ടം |
|---|---|---|---|
| 1 | കണക്കറായി | 108130100274 | ഏപ്രിൽ 2018 മുതൽ നവംബർ 2022 വരെ |
| 2 | കരിയൻ | 108130100243 | ഡിസംബർ 2019 മുതൽ നവംബർ 2022 വരെ |
| 3 | രാമൻ | 108130100170 | ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെ |
| 4 | നീലി | 108130100105 | മെയ് 2019 മുതൽ നവംബർ 2022 വരെ |
| 6 | വേലായുധൻ | 108130100413 | ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെ |
| 7 | വാസുമേനോൻ | 108130200039 | ഏപ്രിൽ 2018 മുതൽ നവംബർ 2022 വരെ |
| | പാർവതി | 108130200138 | ഏപ്രിൽ 2018 മുതൽ നവംബർ 2022 വരെ |

ബി. പുനർവിവാഹിത അല്ല എന്നുള്ള സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു. ചില ഉദാഹരണങ്ങൾ -

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് തുക തടഞ്ഞു വച്ച മാസങ്ങൾ |
|---|---|---|---|
| 1 | ആയിഷ.പി.പി. | 108130600364 | ആഗസ്റ്റ് 2018 മുതൽ നവംബർ 2022 വരെ |
| 2 | സൈനബ | 108130600358 | ഏപ്രിൽ 2018 മുതൽ നവംബർ 2022 വരെ |
| 3 | ദിവ്യ | 108130600996 | മെയ് 2022മുതൽ നവംബർ 2022 വരെ |
| 4 | മിനി | 108130601248 | മെയ് 2022മുതൽ നവംബർ 2022 വരെ |
| 5 | അമ്മു V P | 108130601111 | ആഗസ്റ്റ് 2019മുതൽ നവംബർ 2022 വരെ |

സി. വരുമാനം ഒരുലക്ഷം രൂപയിൽ കൂടുതൽ ആണ്. എന്ന സ്റ്റാറ്റസിൽ ഉൾപ്പെട്ടിട്ടുള്ള ചില ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് തുക തടഞ്ഞു വച്ച മാസങ്ങൾ |
|---|---|---|---|
| 1 | കുഞ്ഞിമാളു | 108130100427 | ഡിസംബർ 2022 |
| 2 | വിശാലാക്ഷി.പി | 108130201817 | |

| | | | |
|---|---|---|---|
| 3 | ബിന്ദു,കെ | 108130400232 | മുതൽ |

ഡി. 'സർക്കാർ ഉത്തരവ് പ്രകാരം 06.02.2017 ന ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല' എന്ന സ്റ്റാറ്റസിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്തവിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് തുക തടഞ്ഞു വച്ച മാസങ്ങൾ |
|---|---|---|---|
| 1 | കൃഷ്ണൻ കുട്ടി | 108130201465 | ഡിസംബർ 2021 മുതൽ |

ഡിസ്കിപൻസി ലിസ്റ്റിൽ ഈ കാറ്റഗറിയിലുള്ളവർ മരണപ്പെടുകയോ മറ്റേതെങ്കിലും തരത്തിൽ അർഹത നഷ്ടപ്പെടുകയോ ചെയ്തിട്ടുണ്ടോ എന്ന വിവരം പരിശോധനാ വിധേയമാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 20/23.03.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ മേൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിച്ച് ഡാറ്റാബേസിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

ഓഡിറ്റ് നിർദേശം

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോയെന്ന് മരണം സംഭവിച്ചതിനുശേഷം പെൻഷൻ കൈമാറിയിട്ടില്ല എങ്കിലും പെൻഷണർ അക്കൌണ്ട് നിലവിൽ ആക്ടീവ് സ്റ്റാറ്റസിലാണോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 വസ്തു നികുതി -ഈടാക്കുന്നതിലെ അപാകതകൾ

2021-22സാമ്പത്തിക വർഷത്തെ വസ്തു നികുതി നിർണ്ണയം, ഡിമാന്റ്, കളക്ഷൻ എന്നിവ സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ വഴിയുള്ള ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

## 1-17(1) വിമുക്ത ഭടന്മാരുടെ 200 M2 മുകളിലുള്ള വീടുകൾക്ക് വസ്തു നികുതി ഒഴിവാക്കി

സ.ഉ(കൈ) നം.106/2017/ത.സ്വ.ഭ.വ ,തിയ്യതി 26.05.2017 & സ.ഉ (എം.എസ്) നം242/2013 /ത.സ്വ.ഭവ,02.07.2013 അനുസരിച്ച് എല്ലാ വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും /വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000ചതുരശ്ര അടി വരെ വിസ്തീർണ്ണ മുള്ള വീടുകളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടുതൽ വിസ്തീർണ്ണമുണ്ടെങ്കിൽ ആ ഭാഗത്തിന് നികുതി ബാധകമാണ്.ഓഡിറ്റ് കാലയളവിൽ ഇത്തരം കേസുകളിൽ . നികുതി ഈടാക്കാത്തതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നം | പേര് വിവരം | വിസ്തീർണ്ണം |
|---|---|---|
| 2/25A | ശശീന്ദ്രദാസ് | 190M2 |
| 5/457A | കൃഷ്ണകുമാരി | 260M2 |
| 6/51 | ശങ്കര നാരായണൻ | 215M2 |
| 14/174 | ശങ്കുണ്ണികുട്ടി | 200M2 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക ൾക്ക് (12/21.03.23)മറുപടി ലഭ്യമാ ക്കിയതിൽ മുകളിൽ സൂചിപ്പിച്ചവരിൽ നിന്ന് 2000ചതുരശ്ര അടിക്കു മുകളിലുള്ള വിസ്തീർണ്ണത്തിൽ വസ്തു നികുതി ഈടാക്കിയിട്ടുണ്ട് എന്നാണ്. ഫോം 6ൽ നികുതി ഒഴിവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട് അസസ്സ്മെന്റ് ന്യൂ പരിശോധിക്കുമ്പോൾ ഈടാക്കിയതായി കാണുന്നു. സഞ്ചയ സോഫ്റ്റ് വെയറിലെ വൈരുദ്ധ്യങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്. ആയതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17(2) വിമുക്തഭടന്മാരുടെ വസ്തു നികുതി ഇളവിന് അപേക്ഷിക്കാത്തവർക്കും നികുതി ഇളവു നൽകി

സ.ഉ(സാധാ) നം 1014/21/ത.സ്വ.ഭ.വ അനുസരിച്ച് 2021-22വർഷത്തെ വസ്തു നികുതിയിളവിനായി സാക്ഷ്യപത്രം നൽകേണ്ടത് 30.06.2021 വരെ ദീർഘിപ്പിച്ചിരുന്നു. വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും /വിധവകളുടെയും വാസഗൃഹത്തിന് വസ്തുനികുതി ഒഴിവാക്കുന്നതിന് സാക്ഷ്യപത്രം ഗ്രാമ പഞ്ചായത്തിനു നൽകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇവരുടെ വാസഗൃഹങ്ങൾക്ക് വസ്തു നികുതി യിൽ നിന്ന് ഒഴിവാക്കേണ്ടതുള്ളൂ. 2021-22 വർഷം വിമുക്തഭടന്മാരെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കുന്നതിനായി ഏകദേശം 25 പേരാണ് അപേക്ഷ നൽകിയിരിക്കുന്നത്. എന്നാൽ സഞ്ചയ പ്രകാരമുള്ള വസ്തു നികുതി ഏകദേശം 116 പേർ ഒഴിവാക്കിയിട്ടുണ്ട്.പല അപേക്ഷകളിലും അർഹത തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ ഇല്ലാത്തതായി കാണുന്നു.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/21.03.23) മറുപടി ലഭ്യമാക്കിയതിൽ അപേക്ഷകളും സാക്ഷ്യപത്രങ്ങളും ലഭ്യമായതിന്റെ അടിസ്ഥാനത്തിലും ധനകാര്യ സ്റ്റാൻഡിംങ്ങ് കമ്മിറ്റി തീരുമാനത്തിനു വിധേയമായാണ് നികുതി ഇളവുകൾ നൽകിയിട്ടുള്ളതെന്നതാണ്.ഓഡിറ്റിനു ലഭ്യമാക്കിയ അപേക്ഷകൾ ഭൂരിഭാഗവും മുൻവർഷം വസ്തു നികുതി ഇളവിന് അപേക്ഷിച്ചതു മാത്രമാണ്.ഓഡിറ്റ് വർഷം ഏകദേശം 25 പേരാണ് അപേക്ഷ നൽകിയിരിക്കുന്നത്. സർക്കാർ മാർഗ്ഗനിർദേശത്തിനനുസൃതമായി വസ്തു നികുതി ഇളവ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-17(3) സത്യവാങ്മൂലം സമർപ്പിക്കാത്ത 60 M2 താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു

GO(MS)N0.358/2015 , തിയ്യതി 16.12.2015 പ്രകാരം 60M2 താഴെ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെങ്കിൽ മാത്രമാണ് നികുതിയിൽ നിന്ന് ഒഴിവാക്കേണ്ടത്.എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം സത്യവാങ്മൂലം നൽകാത്ത 1368 വീടുകളെയും വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. 2018-19 മുതൽ തന്നെ നികുതിയിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. ചില കെട്ടിട നമ്പറിൽ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ (ഫോം 6) പ്രകാരം നികുതി ഒഴിവാക്കുകയും നികുതി നിർണ്ണയ വിവരത്തിൽ 60M2 ന കുറവുള്ള സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണം താഴെ കൊടുക്കുന്നു.

| കെട്ടി നം | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 10/464B | സതീഷ് കുമാർ | 47M2M2 |
| 10/464/C | ലത മണികണ്ഠൻ | 57.76M2 |
| 11/49C | സുബ്രമണ്യൻ | 44.95M2 |
| 10/380A | ഉണ്ണികൃഷ്ണൻ | 54.86 M2 |

മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-17(4) ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി

ഗ്രാമ പഞ്ചായത്തിലെ 1 മുതൽ 15 വരെയുള്ള വാർഡുകളിൽ 60 M2 ന താഴെ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയതു സംബന്ധിച്ച് സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതായി കാണുന്നു. 16.12.2015 ലെ സ.ഉ(എം.എസ്) നം.358/15/തസ്വഭവ പ്രകാരം 60 ച.മി.വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബനാഥൻ/നാഥയുടെ പേരിലുള്ള സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ഒരേ വിലാസത്തിലുള്ള രണ്ടു വാസഗൃഹങ്ങൾക്കും ഒഴിവാക്കി കൊടുത്തതായി കാണുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | 2/4 | ബേബി D/Oമണപ്പുള്ളി.വെലക്കാട്ടു പറമ്പിൽ | 35m2 | നികുതി ഈടാക്കിവരുന്നു |
| | 2/4A | ബേബി D/Oമണപ്പുള്ളി.വെലക്കാട്ടു പറമ്പിൽ | 35.5m2 | -ഒഴിവാക്കപ്പെട്ടിരിക്കുന്നു |
| 2 | 2/243 | സതീഷ് , പട്ടിക്കരവളപ്പിൽ | 18m2 | നികുതി ഈടാക്കിവരുന്നു |
| | 2/243A | സതീഷ്,S/Oവാസു,പട്ടിക്കരവളപ്പിൽ | 37.88m2 | |
| 3 | 3/147 | അയപ്പൻ ,S/Oവേലു,പൂവത്തുംപറമ്പിൽ | 32m2 | കെട്ടിടം പൊളിച്ചു നീക്കിയതാണ് |
| | 3/148 | അയപ്പൻ ,പൂവത്തുംപറമ്പിൽ | 36m2 | |
| 4 | 3/329 | പാഞ്ചാലി,D/Oകോത ,പൊന്നത്തൊടി | 36m2 | |
| | 3/332 | പാഞ്ചാലി ,പൊന്നത്തെടി | 46m2 | |
| 5 | 6/45 | Kunhan , വട്ടപറമ്പിൽ | 42m2 | കെട്ടിടം പൊളിച്ചു നീക്കിയതാണ് |
| | 6/45A | Kunjan,s/o Kotha , വട്ടപറമ്പിൽ | 59.32m2 | |
| 6 | 6/157A | ശിവരാമൻ ,S/O മൂത്താശ്ശിയാർകുളങ്കരപറമ്പിൽ | 32m2 | |
| | 6/159 | ശിവരാമൻ ,കുളങ്കരപറമ്പിൽ | 32m2 | |
| 7 | 8/421 | കാളി ,ചെരോലപറമ്പിൽ | 32m2 | |
| | 8/421A | കാളി,ചാത്തപ്പൻ ചെരോലപറമ്പിൽ | 29.28m2 | |
| 8 | 10/64 | ഉമ്മർ പൂപ്പൻതൊടി | 36m2 | |
| | 10/65 | ഉമ്മർ ,പൂപ്പൻതൊടി | 58m2 | |
| 9 | 10/283 | THAMI, ആലിക്കപറമ്പിൽ | 36m2 | |
| | 10/286 | THAMI,ആലിക്കപറമ്പിൽ | 36m2 | |
| 10 | 14/202 | വിലാസിനി W/Oബാലകൃഷ്ണൻ , THODENGALTHODI | 45m2 | കെട്ടിടം പൊളിച്ചു നീക്കിയതാണ് |
| | 14/202B | വിലാസിനി ആന്റ് അദേഴ്സ്, THODENGALTHODI | 40.54m2 | |
| 11 | 15/131 | വേലായുധൻ , S/O ചാത്തൻ,കായ് പറമ്പിൽ | 29m2 | |
| | 15/131A | വേലായുധൻ,കായ് പറമ്പിൽ | 58M2 | |

മേൽ പട്ടിക പ്രകാരം ഒരേ വിലാസത്തിലുള്ള ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതായി കാണുന്നു. മേൽ പറഞ്ഞ കെട്ടിടങ്ങൾ സ്ഥല പരിശോധന നടത്തി തെറ്റായി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ വീണ്ടും നികുതി നിർണ്ണയിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് ഓഡിറ്റ് എൻക്വയറിക്ക് (18/23.03.23)മറുപടിയായി അറിയിച്ചിട്ടുണ്ട്.

1-18 പൊതുടാപ്പുകളുടെ വെള്ളക്കരം- കുടിശ്ശിക മുഴുവനും അടവാക്കിയത് സ്വാഗതാർഹമാണ്

എ) പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന് ജല അതോറിറ്റി എല്ലാമാസവും നൽകുന്ന ഡിമാന്റ് നോട്ടീസ് പ്രകാരം 2021-22 വർഷാരംഭത്തിൽ 885407 രൂപയുടെ കുടിശ്ശിക അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മാസം | ഏപ്രിൽ 2021 |
| ഡിമാന്റ് നോട്ടീസ് | 51508/19.04.2021 |
| മുന്നിരിപ്പ് | 741361 |
| പിഴ | 14490 |
| തൻമാസ ഡിമാന്റ് | 129556 |
| ആകെ | 885407 |

ഫയൽ പരിശോധിച്ചതിൽ 4/2021 ൽ പഞ്ചായത്ത് പിഴ ഉൾപ്പെടെ ആകെ 885407 രൂപയുടെ കുടിശ്ശിക അടവാക്കാനുള്ളതായി കേരള വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്.

എന്നാൽ 2010-11 സാമ്പത്തിക വർഷം മുതൽ 2020-21 വർഷം വരെ ആകെ സ്ട്രീറ്റ് ടാപ്പ് വെള്ളക്കരം

കുടിശിക 47,05,339 രൂപ അടവാക്കിയിട്ടുണ്ടെന്ന് എന്ന് ഫയൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

* 19.09.2019 ൽ ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ നീക്കം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് 1,44,200 രൂപ അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ 03/2020 മുതൽ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം 282 ൽ നിന്നും 131 ആയി കുറഞ്ഞിട്ടുണ്ട്. എന്നാൽ 03/2020 മുതൽ 05/2021 വരെ 282 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കിയിട്ടുള്ളത്.

* 12.08.2021 കേരള വാട്ടർ അതോറിറ്റിയുടെ നം. ഡി1-577/2022 കത്ത് പ്രകാരം 26.06.2021 മുതൽ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ വെള്ളക്കരം നിരക്ക് പുനക്രമീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബിൽ അടവാക്കാൻ തിട്ടപ്പെടുത്തിയ പൊതു ടാപ്പുകളുടെ എണ്ണം 56 എണ്ണമായി കുറഞ്ഞു.(7/2021മുതൽ)

* 03/2022 വരെ അടവാക്കിയ വെള്ളക്കരത്തിൽ അധികം അടവാക്കിയ വെള്ളക്കരം ക്രമീകരിച്ചത് സംബന്ധിച്ച വിവരം ലഭ്യമാക്കാൻ നൽകിയ 8/20.03.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത തുക തൊട്ടടുത്ത മാസങ്ങളിലെ ബില്ലുകളിൽ നിന്നും അഡ്ജസ്റ്റ് ചെയ്ത വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കി.

1-04-2022 മുതൽ ഒരു ടാപ്പിന് വാർഷിക വാട്ടർ ചാർജ്ജ് 5788.13 രൂപയായി വർധിച്ചതിനാൽ 56 ടാപ്പുകൾക്ക് പ്രതിമാസം (5788.13 X 56= 324135.28, 324135.28/12= 27011) 27011 രൂപ നിരക്കിൽ അടവാക്കേണ്ടതുണ്ട്. 03/2020 മുതൽ 05/2021 വരെ വെള്ളക്കരം അടവാക്കേണ്ട 131 ടാപ്പുകൾക്ക് പകരം 282 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കിയിട്ടുള്ളത്. 03/21 മുതൽ 05/21 വരെ അധികം അടവാക്കിയ വെള്ളക്കരത്തിൽ നിന്നും വർഷാവസാനം ക്രമീകരിച്ച് 2021-22 വർഷാരംഭമുണ്ടായിരുന്ന 885407 രൂപ കുടിശ്ശിക അടവാക്കി തീർപ്പാക്കിയിട്ടുള്ളത് സ്വാഗതാർഹമ്മാണ്.

ഓഡിറ്റ് നിർദേശങ്ങൾ

